<u>**പതിനാലാം കേരള നിയമസഭ**</u>

<u>**പതിനഞ്ചാം സമ്മേളനം**</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4608

25.06.2019-ൽ
മറുപടിയ്ക്ക്

## ഭവനനിർമ്മാണ ബോർഡ് പുന:സംഘടന

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 29-03-2019- ൽ കൂടിയ വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിൽ ഭവന നിർമ്മാണ ബോർഡിന്റെയും ഭവന വകുപ്പിന്റെയും പ്രസക്തി ഇല്ലാതായതിനാൽ അവ നിർത്തലാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ പി.&എ.ആർ.ഡി. പ്രിൻസിപ്പൽ സെക്രട്ടറിയെയും ഭവന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെയും ചുമതലപ്പെട്ടുത്തിയിരുന്നോ; ഇവ നിർത്തലാക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ; | (എ) ഭവനനിർമ്മാണ വകുപ്പിന്റെയും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെയും പദ്ധതി ചെലവ് തുടർച്ചയായി ശരാശരിയിൽ താഴെയായതിനാൽ, ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ നിർദ്ദേശിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെയും ഭവനനിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ, സംസ്ഥാന ഭവനനിർമ്മാണ ബോർഡോ ഭവനനിർമ്മാണ വകുപ്പോ നിർത്തലാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) വായ്പ പദ്ധതികളോ തനത് നിർമ്മാണ പദ്ധതികളോ ഇല്ലാതെ നിർജ്ജീവാവസ്ഥയിൽ തുടരുന്ന ബോർഡിനെ പുന:സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) & (സി) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പുനരുദ്ധാരണത്തിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ഭവനനിർമ്മാണ ബോർഡിനെ ഏതൊക്കെ പുതിയ ചുമതലകൾ ആണ് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ കൊച്ചി മറൈൻ ഡ്രൈവിലുള്ള 17.09 ഏക്കർ ഭൂമിയിൽ ഓഫീസ് കൊമേഴ്സ്യൽ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളും സ്റ്റാർ ഹോട്ടലും സർവ്വീസ് അപ്പാർട്ട്മെന്റ്സും അടക്കമുള്ള അന്താരാഷ്ട്ര എക്സിബിഷൻ സിറ്റി പദ്ധതി PPP മാതൃകയിൽ നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു വരികയാണ്. പ്രസ്തുത പദ്ധതിക്ക് 1500 കോടി രൂപ ഭൂമി വിലയും, 1605 കോടി രൂപ നിർമ്മാണച്ചെലവും ഉൾപ്പെടെ 3105 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കൊച്ചി മറൈൻ ഡ്രൈവിലെ അന്താരാഷ്ട്ര എക്സിബിഷൻ സിറ്റി പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം 2019 ജൂൺ 20-ന് തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് നടന്നു. |

സെക്ഷൻ ഓഫീസർ